# പതിനാലാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2527 12.06.2018-ൽ മറുപടിക്ക്

## താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർ നിക്ഷേപിച്ച തുകയ്ക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (എ) | താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ നിക്ഷേപത്തുക സുരക്ഷിതമായി മടക്കി നൽകുന്നതിനു വേണ്ടി ടി ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ച് വരുകയാണ്. |
| (ബി) | പ്രസ്തുത വിഷയത്തിൽ ആഡിറ്റ്,പരിശോധന ജോലികളിൽ ഏർപ്പെട്ടിരുന്ന സഹകരണ വകുപ്പ് ജീവനക്കാരെ അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത സംഘത്തിൽ ക്രമക്കേട് നടന്ന കാലയളവിലെ കണക്കുകൾ പരിശോധിച്ച ആഡിറ്റർമാരെയും, മിന്നൽ/ വിശദ പരിശോധന നടത്തിയ ഉദ്യോഗസ്ഥരെയും ഇപ്പോൾ അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി സംഘത്തിൽ കഴിഞ്ഞ 5 വർഷങ്ങളിൽ എത്ര തവണ മിന്നൽ പരിശോധനയും വിശദപരിശോധനയും നടത്തിയിട്ടുണ്ടെന്നും, പ്രസ്തുത പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചിരുന്നുവെന്നും കൂടാതെ ടി ബാങ്കിൽ കൺകറന്റ് ആഡിറ്റ് സംവിധാനമാണോ അതല്ല വർഷാന്ത്യ ആഡിറ്റാണോ നിലവിലുള്ളതെന്നും, ബാങ്കിൽ നടത്തിയ ആഡിറ്റിൽ ക്രമക്കേടുകൾ കണ്ടുപിടിക്കുകയും അവ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുവാനും ടി പരിശോധനകൾ നടത്തിയ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ബോധപൂർവ്വമോ അല്ലാതെയോ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അവരുടെ പേരിൽ നിയമപരമായ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിനായി പ്രസ്തുത കാലയളവിൽ ടി ബാങ്കിൽ പരിശോധന നടത്തിയ ഇൻസ്പെക്ടർമാർ/ആഡിറ്റർമാർ, മറ്റ് വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവരുടെ പേരു വിവരം റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**